ഫയൽ നം :C1/42/2025-TC തിയതി : **28-04-2025**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം12/25**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - സ്റ്റേജ് കാരിയേജ് ജീവനക്കാരുടെ പോലീസ് ക്ലീറൻസ് സർറ്റിഫിക്കറ്റ്-സംബന്ധിച്ച്

പരാമർശം :- 24.01.2025 ലെ STA തീരുമാനം.

24.01.2025 ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനം അനുസരിച്ച് സ്റ്റേജ് കേരേജുകളിലെ ഡ്രൈവർമാർക്കും, കണ്ടക്ടർമാർക്കും, ഡോർ അറ്റൻഡർമാർക്കും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (Certificate of Non-Involvement in Offences) നിർബന്ധമാക്കിയിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള സ്പഷ്ടീകരണം ഇതിനാൽ പുറപ്പെടിവിക്കുന്നു.

<u>**താഴെ പറയുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളെ സ്റ്റേജ് കേരേജുകളിൽ ഡ്രൈവർമാരായോ കണ്ടക്ടർമാരായോ നിയമിക്കുവാൻ പാടില്ല.**</u>

1. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം.
2. നരഹത്യ / നരഹത്യ ശ്രമം.
3. മാരകമായ മുറിവേല്പിക്കൽ.
4. കലാപം, ലഹള മുതലായ വിധ്വംസക പ്രവർത്തനങ്ങളിലും, രാജ്യദ്രോഹ കുറ്റങ്ങളിൽ പ്രതിയായിട്ടുള്ളവർ.
5. മദ്യപിച്ച് വാഹനം ഓടിച്ചതിന് ഒന്നിലധികം തവണ ശിക്ഷിക്കപ്പെട്ടവർ.
6. അപകടകരമായി വാഹനം ഓടിച്ചതിന് ഒന്നിലധികം തവണ ശിക്ഷിക്കപ്പെട്ടവർ.
7. ജീവഹാനിക്ക് കാരണമായ വാഹനാപകടങ്ങളിൽ ഒന്നിൽ കൂടുതൽ തവണ ഉൾപ്പെട്ടിട്ടുള്ളവർ.
8. വ്യാജ രേഖ ചമയ്ക്കൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവർ.
9. NDPS Act പ്രകാരമുള്ള മയക്കു മരുന്നു കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവർ.
10. Abkari Act പ്രകാരം അബ്കാരി കേസുകളിൽ പ്രതി ചേർക്കപ്പെട്ടിട്ടുള്ളവർ.
11. വാഹന മോഷണം,ഭവന ഭേദനം, മോഷണ കേസുകളിൽ പ്രതി ചേർക്കപ്പെട്ടിട്ടുള്ളവർ.
12. KAA(P)A പ്രതികൾ.

<u>**എന്നിരുന്നാലും, താഴെ പറയുന്ന കേസുകളിൽ ഉൾപെട്ടിട്ടുള്ളവരെ സ്റ്റേജ് കേരേജുകളിലെ ജീവനക്കാരായി നിയമിക്കുന്നതിന് പരിഗണിക്കുന്നതിൽ തടസ്സമില്ല:**</u>

- അതിർത്തി തർക്കം
- കുടുംബ കോടതി വ്യവഹാരങ്ങൾ
- രാഷ്ട്രീയ ജാഥകൾ ക്കെതിരെ എടുത്ത കേസ്
- NI Act case
- സിവിൽ കേസുകളിൽ ഉൾപെട്ടിട്ടുള്ളവർ.

എല്ലാ ബസ് ഓപ്പറേറ്റർമാരും അവരുടെ സ്റ്റേജ് കരിയേജ് ജീവനക്കാരുടെ പട്ടിക വിവരങ്ങൾ ബന്ധപ്പെട്ട ആർ.ടി.ഒ.ക്ക് **31/05/2025** ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

**താഴെപറയുന്ന രേഖകൾ പട്ടികയുടെ കൂടെ ഉൾപ്പെടുത്തേണ്ടതാണ്.**

- ജീവനക്കാരുടെ ഡ്രൈവിംഗ് ലൈസൻസ്/കണ്ടക്ടർ ലൈസൻസ്.
- ആധാർ പകർപ്പ്.
- സർട്ടിഫിക്കറ്റ് ഓഫ് നോൺ-ഇൻവോൾവ്മെൻ്റ് ഇൻ ഒഫൻസസ്സ് (പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് )
- ക്ഷേമ നിധി റസീപ്റ്റിൻറെ പകർപ്പ്.

ജീവനക്കാരുടെ പട്ടിക K W W F സബ്സ്ക്രിപ്ഷൻ വിവരങ്ങളുൾപ്പെട്ട വാഹനം തിരിച്ചുള്ളതായിരിക്കണം. ജീവനക്കാർ മാറുകയാണെങ്കിൽ, പുതിയ ജീവനക്കാരുടെ വിവരങ്ങൾ മേല്പറഞ്ഞ മാതൃകയിൽ അതാത് ആർ .ടി.ഓ ഓഫീസുകളിൽ മുൻകൂട്ടി സമർപ്പിക്കേണ്ടതാണ്.

വകുപ്പിലെ സർക്കിൾ ഓഫീസർമാർ ഇൻസ്പെക്ഷൻ ചെയ്യുമ്പോൾ ബസ് ജീവനക്കാരുടെ പട്ടിക പരിശോദിച്ച് മേൽ വിവരങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

പരിശോധനയിൽ പട്ടികയിലുള്ള ജീവനക്കാരല്ല ജോലി ചെയ്യുന്നതെങ്കിൽ ആയതിന് ഏഴ് ദിവസത്തെ നോട്ടീസ് നൽകി ക്രമപ്പെടുത്തേണ്ടതാണ് . ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം മോട്ടോർ വാഹന നിയമങ്ങളിലും ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമുള്ള ശിക്ഷാ നടപടികൾ ബന്ധപ്പെട്ട RTA വഴി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Chakilam Nagaraju
Date: 28-04-2025 16:35:30

**NAGARAJU CHAKILAM IPS**
**TRANSPORT COMMISSIONER**

പകർപ്പ്:

1 ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) / സീനിയർ ഡി. റ്റി. സി. (ടാക്സ്) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.

2 സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / അസ്സിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ / അക്കൗണ്ട്സ് ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ (ഓഡിറ്റ്).

3 എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും / റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും. / മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും - ചെക്ക്പോസ്റ്റിന്റെ ചുമതലയുള്ള (തുടർ നടപടികൾക്കായി).

4 നോഡൽ ഓഫീസർ (വെബ് സൈറ്റ്) / എസ്. എസ് ജി സെൽ / എം. ഐ. ടി 2സെക്ഷൻ (ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധികരിക്കുന്നതിനായി)